**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3865** **17-03-2025 - ൽ മറുപടിയ്ക്ക്**

**കേസില്ലാ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേസില്ലാ സർട്ടിഫിക്കറ്റ് പുതുരൂപത്തിൽ നൽകിവരുന്നുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്/ ഉൾപ്പെട്ടിട്ടില്ല' (Certificate of Involvement/Non-Involvement In Offences) എന്ന സർട്ടിഫിക്കറ്റായി നൽകിവരുന്നുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് രാജ്യത്തിനകത്ത് ഉപയോഗിക്കാവുന്നതാണ്. അപേക്ഷകന് നേരിട്ടോ കേരള പോലീസിന്റെ POL-APP വഴിയോ, THUNA വെബ് സൈറ്റ് വഴിയോ പ്രസ്തുത സർട്ടിഫിക്കറ്റിനായി നിശ്ചിത ഫീസ് ഒടുക്കി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലോ ജില്ലാ പോലീസ് മേധാവിമാരുടെ ഓഫീസിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | എഫ്.ഐ.ആർ. ഇട്ടുവെങ്കിലും ക്വാഷ് ആയ കേസ്സുകളുടെയും തീർപ്പായ കേസ്സുകളുടെയും വിവരം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ; | (ബി) | ഉൾപ്പെടുത്തും. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നൽകി വരുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകൻ ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ ടി കേസ് സംബന്ധമായ വിവരങ്ങളായ Crime No,Sec.of Law,Status of Case,Remarks തുടങ്ങിയവ രേഖപ്പെടുത്തുന്നുണ്ട്. |
| (സി) | ക്രിമിനൽ കേസ്സുകളിൽ പ്രതിയായി ജയിലിലാകുന്നവർ പിന്നീട് കുറ്റവിമുക്തരാകുമ്പോൾ ക്രിമിനൽ പശ്ചാത്തലം ഉണ്ടെന്ന രീതിയിൽ പോലീസ് സ്റ്റേഷനിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ; | (സി) | ഉൾപ്പെടുത്തും. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നൽകി വരുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകൻ ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ ടി കേസ് സംബന്ധമായ വിവരങ്ങളായ Crime No,Sec.of Law,Status of Case,Remarks തുടങ്ങിയവ രേഖപ്പെടുത്തുന്നുണ്ട്. |
| (ഡി) | രാഷ്ട്രീയ കേസ്സുകളിൽ പെടുന്നവർക്ക് ഏതു തരം സർട്ടിഫിക്കറ്റാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ? | (ഡി) | കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്/ ഉൾപ്പെട്ടിട്ടില്ല' (Certificate of Involvement/Non-Involvement In Offences) എന്ന തരത്തിൽ തയ്യാറാക്കപ്പെട്ട സർട്ടിഫിക്കറ്റുകളാണ് എല്ലാ അപേക്ഷകർക്കും നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ